(ബി) എങ്കിൽ ഒരു ഗസറ്റഡ് ഓഫീസറെ ഒരു ആഫീസിൽ തുടർച്ചയായി മൂന്ന് വർഷത്തിൽ കൂടുതൽ ജോലി ചെയ്യുവാൻ അനുവദിക്കുമോ ;

(സി) മൂന്നു വർഷത്തിൽ കൂടുതൽ ഒരു ഓഫീസിൽ ജോലി ചെയ്യുന്ന എത്ര ഗസറ്റഡ് ഓഫീസർമാർ എക്സൈസ് ഡിപ്പാർട്ടുമെന്റിലുണ്ട് ;

(ഡി) മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അതനുസരിച്ച് അവരെ സ്ഥലം മാറ്റാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാധാരണയായി അനുവദിക്കാറില്ല.

(സി) ഏഴ് വനിതാ ഗസറ്റഡ് ഓഫീസർമാരുണ്ട്.

(ഡി) വനിതകളായതുകൊണ്ട് അവരെ മൂന്നു വർഷത്തിൽ കൂടുതൽ തുടരാൻ അനുവദിച്ചിരിക്കുന്നു.

കോൺട്രാക്ടർമാർക്ക് നൽകിയ ചാരായം

1358. [2032] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം സംസ്ഥാനത്തെ കോൺട്രാക്ടർമാർക്ക് നൽകിയ ചാരായം എത്ര ;

(ബി) അതിൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച ചാരായം എത്ര ;

(സി) ഈ വർഷം എത്ര ചാരായം വേണ്ടിവരുമെന്നാണ് കണക്ക് ;

(ഡി) അയൽ സംസ്ഥാനങ്ങളിൽ നിന്ന് ചാരായം ഇറക്കുമതി ചെയ്യാൻ പരിപാടി ഉണ്ടോ ;

(ഇ) എങ്കിൽ അതിന്റെ വിശദവിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 15,138,335.4 ലിറ്റർ

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കഴിഞ്ഞ വർഷം വാങ്ങിയതിൽ കുറയാത്ത ചാരായം വേണ്ടിവരും.

(ഡി) ഇതുവരെ ഇല്ല. എന്നാൽ സ്പിരിറ്റ് ഇറക്കുമതി ചെയ്യുന്നുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

പിരിഞ്ഞുകിട്ടാനുള്ള കിസ്തു തുക

1359. [2033] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ കിസ്തു ഇനത്തിൽ 30-9-1986 വരെ പിരിഞ്ഞുകിട്ടേണ്ട തുക എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 15,43,26,537.19 രൂപ.

	രൂപ
(ബി) തിരുവനന്തപുരം	89,88,105.00
കൊല്ലം	75,88,402.00
പത്തനംതിട്ട	37,99,880.00
ആലപ്പുഴ	51,07,723.80
കോട്ടയം	2,47,36,473.64
ഇടുക്കി	1,56,19,640.00
എറണാകുളം	2,52,61,437.85
തൃശ്ശൂർ	1,08,93,750.00
പാലക്കാട്	1,64,54,948.80
മലപ്പുറം	69,55,115.20
കോഴിക്കോട്	51,11,891.90
വയനാട്	21,28,950.00
കണ്ണൂർ	1,34,74,203.00
കാസർകോട്	82,05,915.90

1980-81, 1981-82 എന്നീ വർഷങ്ങളിൽ നൽകിയ തൊഴിലില്ലായ്മ വേതനം

1360. [2034] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1980-81, 1981-82 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷത്തിലും എത്ര പേർക്ക് വീതം തൊഴിലില്ലായ്മ വേതനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഓരോ വർഷത്തിലും തൊഴിലില്ലായ്മ വേതനം കൊടുക്കുന്നതിന് എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 1980-81-ൽ 240,833 പേർക്കും 1981-82-ൽ 146,831 പേർക്കും തൊഴിലില്ലായ്മ വേതനം നൽകിയിട്ടുണ്ട്.

(ബി) 1980-81-ൽ 12,99,24,550 രൂപയും 1981-82-ൽ 4,10,15,200 രൂപയും ചെലവഴിച്ചിട്ടുണ്ട്.

1980-81-ൽ കർഷക തൊഴിലാളി പെൻഷൻ ലഭിച്ചവർ

1361. [2036] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1980-81 സാമ്പത്തിക വർഷം ആകെ എത്ര പേർക്ക് കർഷക തൊഴിലാളി പെൻഷൻ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly